**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1931** **05-07-2022 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റ ഉൽപ്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് ആവശ്യമായ കാലിത്തീറ്റയുടെ അളവ് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്നും സംസ്ഥാനത്ത് കാലിത്തീറ്റ എത്രമാത്രം ഉൽപാദിപ്പിക്കുന്നുണ്ടെന്നും അത് എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ ക്ഷീരകർഷകർക്ക് ആവശ്യമായ കാലിത്തീറ്റയുടെ അളവ് കേരളാ ഫീഡ്സ് ശാസ്ത്രീയമായി കണക്കാക്കിയിട്ടില്ല. കേരളാ ഫീഡ്സിന്റെ വിവിധ യൂണിറ്റുകളിലൂടെയുള്ള ആകെ പ്രതിദിന ഉത്പാദന ശേഷി 1750 ടൺ കാലിത്തീറ്റ ആണ്. മിൽമയ്ക്ക് പ്രതിദിനം 600 മെട്രിക് ടൺ കാലിത്തീറ്റ ഉൽപാദിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ട്. നിലവിൽ പ്രതിദിനം 460 മെട്രിക് ടൺ കാലിത്തീറ്റ ഉൽപാദിപ്പിക്കുന്നുണ്ട്. പാലക്കാട് ജില്ലയിൽ മലമ്പുഴയിലും ആലപ്പുഴ ജില്ലയിൽ പട്ടണക്കാട്ടുമാണ് മിൽമയുടെ കാലിത്ത്റ്റ ഫാക്ടറികളുള്ളത്. (പ്രതിദിന ഉൽപാദന ശേഷി 300 മെട്രിക് ടൺ) |
| (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന കാലിത്തീറ്റയുടെ അളവ് എത്രയാണ്; | (ബി) | ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്ന കാലിത്തീറ്റയുടെ അളവ് ക്ഷീരവികസന വകുപ്പിലും, കേരളാ ഫീഡ്സിലും ലഭ്യമല്ല |
| (സി) | സംസ്ഥാനത്ത് കാലിത്തീറ്റ ഉൽപ്പാദനശേഷി ഉയർത്തുന്നതിനു എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരളാ ഫീഡ്സ് ലിമിറ്റഡിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുകര(650 മെട്രിക് ടൺ/ ദിവസം), കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി (300 മെട്രിക് ടൺ./ ദിവസം), ഇടുക്കി ജില്ലയിലെ അരിക്കുഴ(500മെട്രിക് ടൺ/ദിവസം), കോഴിക്കോട് ജില്ലയിലെ തിരുവാങ്ങൂർ (300 മെട്രിക് ടൺ./ദിവസം), എന്നീ യൂണിറ്റുകളിൽ നിന്നായി കാലിത്തീറ്റ ഉത്പാദിപ്പിച്ച് വിതരണം നടത്തുവാൻ സാധിക്കുന്നുണ്ട്. കേരളാഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉൽപാദന ശേഷി 1750 ടണ്ണായി ഉയർത്തിയിട്ടുണ്ട്.<br><br>മിൽമയിൽ ക്ഷീര സംഘങ്ങളിലെ കർഷകരിൽ നിന്നും ലഭിക്കുന്ന ഇൻഡന്റനുസരിച്ചാണ് കാലിത്തീറ്റ വിതരണം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നത്. മിൽമ ഉത്പാദിപ്പിക്കുന്ന തീറ്റയുടെ 70 ശതമാനം സംഘങ്ങൾ വഴിയും 24 ശതമാനം സർക്കാർ പദ്ധതികൾ വഴിയും കർഷകർക്ക് നൽകി വരുന്നു. കർഷകരുടെ ഇൻഡന്റുകൾ വർദ്ധിക്കുകയാണെങ്കിലും സമയബന്ധിതമായി തീറ്റ വിതരണം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ മിൽമയ്ക്കുണ്ട്. |
| (ഡി) | കൃഷിക്കാർക്ക് ന്യായവിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനു വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (ഡി) | ക്ഷീരവികസന വകുപ്പും തദ്ദേശ സ്വയം ഭരണ വകുപ്പും ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകന് കാലിത്തീറ്റയ്ക്ക് ധനസഹായം നൽകുന്നുണ്ട്. കൂടാതെ ക്ഷീരവികസന വകുപ്പ് ക്ഷീരകർഷകർക്ക് പച്ചപ്പുല്ലും , വൈക്കോലും , സബ്സിഡി നിരക്കിൽ നൽകി വരുന്നു. കാലിത്തീറ്റയുടെ അസംസ്കൃത വസ്തുക്കൾ സംസ്ഥാനത്ത് ലഭ്യമല്ലാത്തതിനാലാണ് കാലിത്തീറ്റ വില നിയന്ത്രിക്കുവാനുള്ള ബുദ്ധിമുട്ട് നേരിടുന്നത്. കാലിത്തീറ്റ വില നിയന്ത്രിക്കുവാനുള്ള എല്ലാ നടപടികളും സ്വികരിച്ചു വരുന്നുണ്ട്.<br><br>മിൽമ 2019 ന് ശേഷം കാലിത്തീറ്റ വില വർദ്ധിപ്പിച്ചിട്ടില്ല. നിലവിൽ മിൽമ ഗോമതി റിച്ച് കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്കൊന്നിന് 25/- രൂപയും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 70/- രൂപയും ഡിസ്കൗണ്ട് നൽകി വരുന്നുണ്ട്. സർക്കാരിന്റെ കോവിഡ് റിലീഫ് പദ്ധതി വഴി 2021-22 ൽ 116878 ചാക്ക് കാലിത്തീറ്റ 400 രൂപ ഡിസ്കൗണ്ട് നിരക്കിൽ മിൽമ വഴി വിതരണം ചെയ്തിരുന്നു.<br><br>അസംസ്കൃത പദാർത്ഥങ്ങളുടെ ഭീമമായ വില വർദ്ധനവിന് ആനുപാതികമായി വില വർദ്ധിപ്പിക്കാതെ തികച്ചും ന്യായമായ വിലയ്ക്കാണ് കേരളാ ഫീഡ്സ് ഉൽപന്നങ്ങൾ വിതരണം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ